തയ്യൽ തൊഴിലാളി ക്ഷേമനിധി

266(2735) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നവർക്ക് പ്രതിമാസം ക്ഷേമ നിധിയിലേക്ക് എത്ര രൂക വീതമാണ് അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തു ക്ഷേമനിധിയിലെ അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച വിശദാംശം നൽകുമോ;

(ഡി) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ നിലവിൽ എത്രപേർ അംഗങ്ങളായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പക്കൽ നാളിതുവരെ എത്ര രൂപയുടെ നിക്ഷേപമുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 18 വയസ് പൂർത്തിയായിരിക്കുകയും എന്നാൽ 60 വയസ് പൂർത്തിയായിട്ടില്ലാത്തതുമായ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമ പ്രകാരം സ്ഥാപിക്കപ്പെട്ട മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാതിരിക്കുകയും മൂന്നു വർഷത്തിൽ കുറയാതെ തയ്യൽ ജോലിയിലോ എംബ്രോയിഡറി ജോലിയിലോ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്ന ഏതൊരു തയ്യൽ തൊഴിലാളിക്കും സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള , ആൾക്കും ക്ഷേമനിധി ആക്ടും പദ്ധതിയും പ്രകാരം അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. നിർദ്ദിഷ്ട ഫോറത്തിൽ വയസ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും തൊഴിലുടമയിൽനിന്നോ സ്ഥലം അസിസ്റ്റന്റ് ലേബർ ഓഫീസറിൽനിന്നോ 1926-ലെ ട്രേഡ് യൂണിയൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംസ്ഥാനത്തെ ഏതെങ്കിലും തൊഴിലാളി സംഘടനയിൽനിന്നോ ലഭിച്ചിട്ടുള്ള തൊഴിൽ സംബന്ധമായ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കുന്ന തയ്യൽ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. ക്ഷേമനിധിയിൽ ചേരുന്ന ഒരംഗം രജിസ്ട്രേഷൻ ഫീസായി രജിസ്ട്രേഷൻ നേടുന്ന സമയത്ത് 15 രൂപ കൂടി ഒടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നവർക്ക് പ്രതിമാസം 20 രൂപ വീതം അംശദായമായി ക്ഷേമനിധിയിൽ അടയ്ക്കേണ്ടതാണ്.

(സി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. *

(ഡി) 734780 രജിസ്റ്റേർഡ് അംഗങ്ങൾ ഉണ്ട്.

(ഇ) നാളിതുവരെ 377257,980 രൂപയുടെ നിക്ഷേപം ഉണ്ട്.

തൊഴിൽ അന്വേഷകർക്കായുള്ള പദ്ധതി

267(2736) ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ അന്വേഷകരെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ കീഴിലെ എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ. ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly